# എൽ. എം. എസ്.
# എൽ. പി. എസ്
# ചിറുമല

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | : എൽ. എം. എസ്. എൽ. പി. എസ് ചിറ്റുമല. |
| വാർഡിന്റെ പേര് | : തെക്കേ മുറി, വാർഡ് - 8 |
| CRC യുടെ പേര് | : കിഴക്കേ കല്ലട |
| പഞ്ചായത്തിന്റെ പേര് | : കിഴക്കേ കല്ലട |
| ബ്ലോക്കിന്റെ പേര് | : ചിറ്റുമല |
| ജില്ലയുടെ പേര് | : കൊല്ലം |
| BRC യുടെ പേര് | : കുണ്ടറ |
| പ്രധമാധ്യാപികയുടെ പേര് | : വിജയ . റ്റി |
| മൊബൈൽ നമ്പർ | : 9544136328 |
| അധ്യാപകർ | : (1) സിജു ഫിലിപ്പ് |
| | (2) ജെസ്സ് . P |
| | (3) അക്ഷര കിഷോർ |

# ആമുഖം

## സ്കൂൾ ചരിത്രം

കൊല്ലം ജില്ലയിൽ കുന്നത്തൂർ താലൂക്കിൽ കിഴക്കേ കല്ലട പഞ്ചായത്തിൽ ചിറ്റുമല പോസ്റ്റോഫീസിന് തെക്ക് കൊല്ലം - ഭരണിക്കാവ് റോഡിന് പടിഞ്ഞാറായി സ്കൂൾ സ്ഥിതിചെയ്യുന്നു.

ഏകദേശം ഇരുനൂറ് വർഷങ്ങൾക്ക് മുമ്പ് വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന ഈ പ്രദേശം തിരഞ്ഞെടുത്ത് സ്കൂൾ സ്ഥാപിക്കുന്നതിനായുള്ള ലണ്ടൻ മിഷനറിമാരുടെ പരിശ്രമഫലമാണ് ഈ സ്കൂൾ. പ്രമാണിമാരുടെ കൈവശസ്ഥലം മിഷണിമാർ വിലയ്ക്ക് വാങ്ങുകയായിരുന്നു. അന്നു മുതൽ സ്കൂളിനോട് ചേർന്ന് ഒരു ആരാധനാലയവും പ്രവർത്തിച്ചു വരുന്നു. ഇവിടെ ക്ലാസ് മുറികളുടെ പരിമിതികാരണം 2012 വരെ ക്ലാസ് 3 വരെ ഷിഫ്റ്റ് സമ്പ്രദായമുണ്ടായിരുന്നു. ഈ വിദ്യാലയത്തിൽ പഠിച്ചിരുന്ന ധാരാളം കുട്ടികൾ വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചവരാണ്.

കർഷകരും കശുവണ്ടി തൊഴിലാളികളുടെ കുട്ടികളാണ് ഇവിടെ ഭൂരിഭാഗവും. മിക്കപ്പോഴും രക്ഷിതാക്കൾക്ക് സ്കൂൾ അധികൃതരുമായി ബന്ധപ്പെടാൻ കഴിയുന്നില്ലയെന്നത് പഠനം മെച്ചപ്പെടുത്തുന്നതിൽ ഇടപെടലിന് ഏറെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു.

പഠനപിന്നോക്കക്കാർക്ക് വലിയ പരിഗണന ഞങ്ങൾ ഈ പദ്ധതിയിൽ ഊന്നൽ വയ്ക്കുന്നു. SEN കുട്ടികൾക്ക് പ്രത്യേക പരിഗണനയും ഉറപ്പാക്കുന്നു. മുഴുവൻ രക്ഷിതാക്കളുമായി ബന്ധം സ്ഥാപിക്കാൻ ഞങ്ങൾ പ്രത്യേകം പദ്ധതി തയ്യാറാക്കുന്നു. വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും സമൂഹത്തെയും ആകർഷകമാകുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ സ്കൂളിൽ നടത്തുന്നുണ്ട്. P.T.A, M.P.T.A യുടെ സജീവ പങ്കാളിത്തം സ്കൂളിൽ ലഭിക്കുന്നതിനാൽ പാഠ്യ - പാഠ്യേതര വിഷയങ്ങൾ വിജയത്തിന്റെ പാതയിൽ എത്തിക്കാൻ ഞങ്ങൾക്ക് സാധിച്ചു.

# ലക്ഷ്യങ്ങൾ

സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികളും അതാത് ക്ലാസ്സിൽ നേടേണ്ട പഠനശേഷി കൈവരിച്ചു എന്ന് ഉറപ്പു വരുത്തുക. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പു വരുത്തുക. ഓരോ ക്ലാസിലെയും പഠനപ്രവർത്തനങ്ങൾക്ക് അനുയോജ്യമായ വിധത്തിൽ ICT സാധ്യതകൾ വികസിപ്പിക്കുന്നു.

വിദ്യാലയത്തിലെ പഠനപിന്തുണാ സംവിധാനങ്ങളായ ലാബുകൾ, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരു പോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.

വിദ്യാർത്ഥികൾക്ക് ക്ലാസ് മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമേ കലാകായിക പ്രവൃത്തി പരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.

# കാഴ്ചപ്പാട്

നമ്മുടെ പൊതുവിദ്യാലയങ്ങളുടെ അക്കാദമിക നിലവാരം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. ഇതിൽ പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത് സ്കൂളിൽ എത്തിച്ചേരുന്ന കുട്ടികൾ അതാത് ക്ലാസ്സുകളിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക എന്നതാണ്. അതിനായി ഓരോ വിഷയത്തിനും കുട്ടികൾ എന്തെല്ലാം ശേഷികൾ നേടേണ്ടതുണ്ട് എന്ന് കണ്ടെത്തി പരിഹാരബോധനം നടത്താൻ തീരുമാനിച്ചു.

പ്രൈമറി പഠനം പൂർത്തിയാക്കുന്ന ഏതൊരു കുട്ടിക്കും മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ അനായാസം ആശയവിനിമയം നടത്താനുള്ള കഴിവ് ഉണ്ടാക്കിയെടുക്കും. ഓരോ കുട്ടിയുടെയും അഭിരുചിക്കനുസരിച്ച് സർഗാത്മക പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിന് വിവിധ രീതിയിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് വികസിപ്പിക്കും

കമ്പ്യൂട്ടർ മേഖലയിൽ പരിജ്ഞാനമുള്ളവരാക്കി തീർക്കുക. അതുപോലെ തന്നെ കലാകായിക വിദ്യാഭ്യാസത്തിനു മുൻതൂക്കം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ മൂന്ന് വർഷത്തിനുള്ളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. മാനേജ്മെന്റ്, പൂർവ്വ വിദ്യാർത്ഥികൾ, ക്ലബുകൾ, PTA തുടങ്ങിയവരുടെ സഹായത്തോടെ സ്കൂളിന്റെ ഭൗതികാന്തരീക്ഷത്തിൽ മാറ്റം വരുത്താനുള്ള ശ്രമം. കലാവാസനകളെ പ്രോത്സാഹിപ്പിച്ചു കൊണ്ടൊരു നല്ല ഡാൻസ് ഗ്രൂപ്പ് സംഘടിപ്പിക്കുക. ഓരോ മേഖലയെയും പരിപോഷിപ്പിക്കാൻ വേണ്ട എല്ലാ സഹായങ്ങളും ചെയ്തു കൊടുക്കുക തുടങ്ങിയ കാര്യങ്ങൾ ലക്ഷ്യം വയ്ക്കുന്നു.

# പൊതുലക്ഷ്യങ്ങൾ

കുട്ടിയുടെ കഴിവ് വിഷയ പഠനത്തിൽ ഒതുക്കാതെ സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ സമഗ്രവികാസം ലക്ഷ്യമാക്കും. അതിനായി പൊതുസമൂഹത്തെയും നാട്ടിലുള്ള വിവിധ കൂട്ടായ്മകളെയും പൂർവ്വ വിദ്യാർത്ഥികളെയും വിദ്യാലയവുമായി ബന്ധപ്പെടുത്തി ക്ലബുകൾ രൂപീകരിച്ചു കുട്ടികളുടെ കഴിവുകൾ കണ്ടെത്തി ക്ലബുകൾ അവ ഏകുകയും ഉയർന്ന തലത്തിലേക്ക് എത്തിക്കുന്നു. അതുപോലെ തന്നെ പരിമിതികൾ മറികടക്കാനുള്ള അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി നമ്മുടെ ലക്ഷ്യം സാക്ഷാത്കരിക്കുകയും ചെയ്യും. എല്ലാ കുട്ടികളിലും എഴുത്തും വായനയും ഉറപ്പിക്കുന്നതിനായി മലയാളത്തിളക്കം, ശ്രദ്ധ തുടങ്ങിയ പരിപാടികൾ കൂടുതൽ ശക്തമാക്കുകയും അതിലൂടെ മധ്യകാലത്തിനുശേഷം സ്കൂൾ വിട്ടു പോകുന്ന എല്ലാ കുട്ടികളും ഇംഗ്ലീഷിലും മലയാളത്തിലും എഴുത്തും വായനയും ഉറപ്പിക്കുക എന്നതാണ് പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത്.

എല്ലാ കുട്ടികളുടെയും അക്കാദമിക വളർച്ചയ്ക്കുവേണ്ടി പ്രധാനമായും ചെയ്യാൻ കഴിയുന്നത് വിദ്യാലയത്തിന്റെ ദർശനം സംബന്ധിച്ച ധാരണ ഉരുത്തിരിക്കും. വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക മികവിനുള്ള വഴികൾ വരച്ചുകാട്ടും.
വിദ്യാലയം മുന്നോട്ട് വയ്ക്കുന്ന ലക്ഷ്യപൂർത്തീകരണത്തിനായി സ്വീകരിക്കേണ്ട എല്ലാ വഴികളും തന്ത്രങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാകും. അക്കാദമിക വിഭവവിനിയോഗം സാങ്കേതിക വിദ്യയുടെ ഉപയോഗം വിദ്യാലയ അക്കാദമിക സൂക്ഷ്മാസൂത്രണം കുട്ടികൾക്ക് ലഭിക്കുന്ന സവിശേഷ അവസരങ്ങൾ തുടങ്ങിയവയെല്ലാം സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനുള്ള മാർഗരേഖയായി വർത്തിക്കും

# ഓരോ കുട്ടിക്കും മികവ്

## പ്രവർത്തന ലക്ഷ്യം

കുട്ടിയുടെ നേട്ടങ്ങളാകാവുന്നവ. മാതൃഭാഷ.

എഴുതാനും അക്ഷരങ്ങൾ അറിയാം. പക്ഷേ ചില അക്ഷരങ്ങൾ എഴുതാനും വായിക്കാനും പ്രയാസം.
ഏകദേശം എല്ലാ അക്ഷരങ്ങളും അറിയാം. പക്ഷേ സ്വരാക്ഷര ചിഹ്നങ്ങൾ ചേർത്തുവായിക്കാൻ അറിയില്ല.

അക്ഷരങ്ങളും ചിഹ്നങ്ങളും അറിയാം പക്ഷേ വാക്കുകൾ വായിക്കുന്നതിൽ പ്രയാസം. വാക്കുകൾ വ്യക്തതയോടെ വായിക്കുവാൻ കഴിയുന്നില്ല.

ചില അക്ഷരങ്ങൾ അറിയാം പക്ഷേ എല്ലാ അക്ഷരങ്ങളും തിരിച്ചറിഞ്ഞ് വായിക്കാൻ കഴിയുന്നില്ല.

അക്ഷരങ്ങളും ചിഹ്നങ്ങളും അറിയാം. തെറ്റില്ലാതെ എഴുതാൻ കഴിയുന്നില്ല.

അക്ഷരങ്ങൾ ഉറപ്പിച്ചിട്ടുണ്ട്. നോക്കി എഴുതുന്നതിൽ തെറ്റുകൾ വരുന്ന ധാരണയുണ്ട്. എങ്കിലും കേട്ടെഴുത്തിൽ തെറ്റുകൾ വരുന്നു.

ആശയം ഉണ്ട് പക്ഷേ സ്വതന്ത്രരചനയിൽ തെറ്റു കൂടുതലുണ്ട്.

# കുട്ടിയുടെ പ്രശ്നങ്ങളാകുന്നവ - മാതൃഭാഷ

* മാതൃഭാഷയിലെ അക്ഷരങ്ങൾ അറിയില്ല.
* കൂട്ടക്ഷരങ്ങൾ അറിയുവാൻ പ്രയാസം
* ചിഹ്നങ്ങൾ വ്യക്തമായി അറിയില്ല
* വാക്കുകൾ വായിക്കുവാൻ പ്രയാസം
* ആത്മവിശ്വാസക്കുറവ്.
* വായനയിൽ തടസ്സം നേരിടൽ
* പരിചിത വാക്കുകൾ മാത്രം വായിക്കുന്നു
* സ്വതന്ത്ര വായനയിൽ താല്പര്യക്കുറവ്

# പ്രശ്ന പരിഹാര പ്രവർത്തനങ്ങൾ

## മലയാള ഭാഷയിലെ അക്ഷരങ്ങളുറപ്പിക്കൽ

* അക്ഷരം വരുന്ന വാക്കുകൾ കണ്ടെത്തൽ വായിക്കാൻ ശ്രമിക്കൽ
* അക്ഷരം വരുന്ന വാക്കുകൾ വെട്ടി ഒട്ടിക്കൽ
* അക്ഷര സ്കൂൾ
* അക്ഷരം വരുന്ന വാക്കുകൾക്ക് അടിവരയിടൽ, വായിക്കാൻ ശ്രമിക്കൽ, എടുത്തെഴുതൽ

## ചിഹ്നങ്ങളുറപ്പിക്കാൻ

* ഒരോ അക്ഷരമായി സ്വരാക്ഷരചിഹ്നം ചേർത്തെഴുതി അതു വരുന്ന വാക്കുകൾ കണ്ടെത്തൽ
* ഏതെങ്കിലും ഒരു സ്വരാക്ഷരചിഹ്നം നൽകി അതു വരുന്ന വാക്കുകൾ കണ്ടെത്തൽ
* ഒരോ ചിഹ്നങ്ങൾ വരുന്ന വാക്കുകൾ പാഠപുസ്തകത്തിൽ അടിവരയിട്ട് അടയാളപ്പെടുത്തൽ

## വായനയിലൂടെ ഉണ്ടാകുന്ന പ്രശ്നങ്ങളെ മാറ്റാൻ

* ഏതാനും വാക്യങ്ങൾ മാത്രം വരുന്ന ലഘു കഥകളുടെ വായനക്കാർഡുകളോ പുസ്തകങ്ങളോ നൽകി വായിപ്പിക്കുന്നു.
* ചിത്രകഥകൾ വായിപ്പിക്കുന്നു
* കഥയിലെ കടുപ്പമുള്ള പദങ്ങൾ ഉച്ചരിച്ചതിനുശേഷം ആ കഥ വായിപ്പിക്കുന്നു.
* കഥയുടെ ഓഡിയോ കേൾപ്പിച്ചതിനു ശേഷം അത്തരം കഥകൾ വായിപ്പിക്കുന്നു.

## കുട്ടികളുടെ നേട്ടങ്ങളാകാവുന്നവ - ഗണിതം

* എണ്ണൽ സംഖ്യകൾ അറിയാം [1 മുതൽ 10 വരെ ഒന്നു മുതൽ 100 വരെ]
* സംഖ്യകൾ തിരിച്ചറിയാം
* സംഖ്യാ വ്യാഖ്യാനം അറിയാം [ഏതിന്റെ ഇടയിൽ ഏതൊക്കെ സംഖ്യകൾ ചേർന്നുണ്ടാകുന്നു.
* സംഖ്യകളെ സ്ഥാനവില അനുസരിച്ച് ക്രമീകരിക്കാൻ അറിയാം
* പുന: ക്രമീകരണം വരാത്ത സംഖ്യകൾ തമ്മിലുള്ള സങ്കലനം അറിയാം
* പുന: ക്രമീകരണം വരാത്ത സംഖ്യകൾ തമ്മിലുള്ള വ്യവകലനം (രണ്ടക്ക, മൂന്നക്ക)
* ഗുണനപട്ടിക അറിയാം (1 മുതൽ 10 വരെ)
* ഗുണനം അറിയാം (ഒറ്റക്കസംഖ്യ × ഒറ്റക്കസംഖ്യ, രണ്ടക്ക സംഖ്യ × ഒറ്റക്കസംഖ്യ, രണ്ടക്കസംഖ്യ × രണ്ടക്കസംഖ്യ)
* ഒറ്റക്കസംഖ്യ കൊണ്ടുള്ള ഹരണം അറിയാം
* മന: കണക്ക് അറിയാം.

## കുട്ടികളുടെ പ്രശ്നങ്ങളാകാവുന്നവ

* സംഖ്യകൾ തുടർച്ചയായി എണ്ണാൻ കഴിയുമെങ്കിലും സംഖ്യകൾ തിരിച്ചറിയാൻ സാധിക്കുന്നില്ല.
* ഒരു സംഖ്യയെ വ്യാഖ്യാനിക്കാൻ സാധിക്കുന്നില്ല. [ഏതിന്റെ ഇടയിൽ ഏതൊക്കെ സംഖ്യകൾ ചേർന്നുണ്ടാകുന്നു etc...]
* വലുത്, ചെറുത് കണ്ടുപിടിക്കാൻ അറിയില്ല.
* സങ്കലനം പരിചിതമല്ല. (ഒറ്റക്ക, രണ്ടക്ക)
* വ്യവകലനം പരിചിതമല്ല (ഒറ്റക്ക രണ്ടക്ക)
* ഗുണന വസ്തുതകൾ ഉറച്ചിട്ടില്ല.
* വില വയ്ക്കാൻ സാധിക്കുന്നില്ല.

## പ്രശ്ന പരിഹാര പ്രവർത്തനങ്ങൾ

* സംഖ്യാകളികൾ (ഏണിയും പാമ്പും)
* എണ്ണൽ കളികൾ
* സംഖ്യാകാർഡുകൾ
* ഗുണനവസ്തുക്കൾ കളി രീതിയിൽ
* ലഘു പ്രായോഗിക പ്രശ്നങ്ങൾ നേർ അവതരണം
* ഒഴിവുവേളകൾ കണക്കിനൊപ്പം
* ഹോണസ്റ്റി ഷോപ്പ്

## കുട്ടികളുടെ നേട്ടങ്ങളാകാവുന്നവ - ഇംഗ്ലീഷ്

* ഇംഗ്ലീഷ് അക്ഷരങ്ങൾ ഹൃദിസ്ഥമാണ്
* ചെറിയ, പരിചിതങ്ങളായ വാക്കുകൾ വായിക്കാനറിയാം
* ചെറിയ വാക്യങ്ങൾ വായിക്കുവാനറിയാം.
* പഠിച്ച വാക്കുകൾ എവിടെ കണ്ടാലും പരിചിതമാണ്
* പഠിച്ച വാക്കുകളുടെ അർത്ഥം ഹൃദിസ്ഥമാണ്
* ചെറിയ കഥകൾ വായിച്ച് ആശയം പറയാനറിയാം
* ലഘു സംഭാഷണങ്ങൾ നടത്താനറിയാം.

## പഠനപ്രശ്നങ്ങൾ

* ഇംഗ്ലീഷ് അക്ഷരങ്ങൾ വേണ്ട വിധം ഉറച്ചിട്ടില്ല.
* പരിചിത വാക്കുകൾ പോലും വായിക്കാൻ പ്രയാസം നേരിടുന്നു.
* പരിചിത വാക്കുകളുടെ പോലും അർത്ഥം ഹൃദിസ്ഥമല്ല.
* ചെറിയ വാക്യങ്ങൾ വായിക്കാൻ സാധിക്കുന്നില്ല.
* ചെറിയ കഥകൾ വായിച്ച് ആശയം പറയാൻ കഴിയുന്നില്ല.
* ലഘു ആശയ വിനിമയം സാധിക്കുന്നില്ല.

## പരിഹാരമാർഗങ്ങൾ

* Word making games
* ഡിക്ഷണറി ഉപയോഗം
* പദങ്ങളുടെ അർത്ഥം കണ്ടെത്തൽ

* നല്ല സംഭാഷണങ്ങൾ, ഉച്ചാരണങ്ങൾ കേൾക്കൽ
* തർജ്ജമ (ചെറിയ ഇംഗ്ലീഷ് വാക്കുകൾ മലയാളത്തിലേക്ക്)
* ഇംഗ്ലീഷ് പഠനസമയം ക്ലാസ് മുറിയിൽ ഇംഗ്ലീഷ് ഉപയോഗം
* ഇംഗ്ലീഷ് ഫോണ്ട്

## കുട്ടികളുടെ നേട്ടങ്ങളാകാവുന്നവ - പരിസരപഠനം

* ചുറ്റുപാടുമുള്ള ചില വസ്തുക്കളുടെ പേരുകൾ പരിചിതമാണ്.
* ചില വസ്തുക്കളുടെ പ്രത്യേകതകൾ അറിയാം
* പരിചിത കാര്യങ്ങളെക്കുറിച്ച് കുറിപ്പുകൾ തയ്യാറാക്കാൻ അറിയാം.
* പരീക്ഷണങ്ങൾ നടത്താൻ അറിയാം
* നിരീക്ഷിച്ച് പ്രത്യേകതകൾ കണ്ടെത്താൻ കഴിയാറുണ്ട്
*

## പരിമിതികളായവ

* വസ്തുക്കളുടെ പേരറിയാമെങ്കിലും അവ തിരിച്ചറിയാൻ കഴിയുന്നില്ല.
* ചില പ്രത്യേകതകൾ പറയാമെങ്കിലും കുറിപ്പുകളായി തയ്യാറാക്കാൻ കഴിയുന്നില്ല.
* വേണ്ടത്ര നിരീക്ഷണ പാടവമില്ല

## നല്കാവുന്ന പ്രവർത്തനങ്ങൾ

* പരിചിത വസ്തുക്കളുടെ പേര് കണ്ടെത്തൽ, ചിത്രം വരയ്ക്കൽ ചിത്രങ്ങൾ ശേഖരിക്കൽ
* പരിചിത വസ്തുക്കളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കൽ
* റഫറൻസ് ഗ്രന്ഥങ്ങൾ വായിക്കൽ, ആവശ്യമായ വിവരങ്ങൾ ശേഖരിക്കൽ
* ദിനാചരണങ്ങളുമായി പാഠപുസ്തകത്തെ ബന്ധിപ്പിക്കൽ
* പരിസര പഠനശേഷികൾ കൈവരിക്കൽ

# മലയാളം

| ക്രമനമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ഭാഷാപഠനത്തിൽ കുട്ടികൾക്ക് അഭിരുചി വളർത്തുക | വാക്കുകൾ, ലഘു വാക്യങ്ങൾ കുട്ടികളിൽ ഉറപ്പിക്കുന്നതിനായി കുട്ടിക്കവിതകൾ ബാലമാസികകൾ, കഥകൾ തുടങ്ങിയ നൽകിക്കൊണ്ട് ഭാഷാപഠനത്തിൽ കുട്ടികൾക്ക് താൽപര്യം ഉണർത്തുക | | ക്ലാസ് ടീച്ചർ SRG കൺവീനർ | | |
| 2 | ലൈബ്രറി | വായനാശീലം കുട്ടികളിൽ വളർത്തിയെടുക്കുന്നതിനായി കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ക്ലാസ് ലൈബ്രറി തയ്യാറാക്കൽ. വായനയെ പരിപോഷിപ്പിക്കാനായി അവർ വായിച്ച പുസ്തകത്തിന്റെ കുറിപ്പ് തയ്യാറാക്കിച്ച് അസംബ്ലിയിൽ വായിപ്പിക്കുകയും മികച്ചതിന് സമ്മാനങ്ങൾ നൽകുകയും ചെയ്യുക | ദൈനം | ക്ലാസ് ടീച്ചർ HM | | |
| 3 | എഴുത്തും വായനയും ഉറപ്പിക്കൽ | പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ശ്രദ്ധ, മലയാളത്തിളക്കം പദ്ധതിയെ പരിപോഷിപ്പിച്ച് പഠനവും മികവുറ്റതാക്കി തീർക്കുന്നു | 1 വർഷം | | | |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| | ദിനാചരണ ബോധവൽക്കരണ ക്ലാസ് | ഓരോ ദിനാചരണങ്ങളുടെയും പ്രാധാന്യത്തെ കുറിച്ച് ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കൽ | | | | |
| | പ്രസംഗത്തെ പരിപോഷിപ്പിക്കൽ | പ്രസംഗത്തിന് ഒരു വിഷയം കൊടുത്ത് കൊണ്ട് ആ വിഷയത്തെ കുറിച്ച് പ്രസംഗിക്കാൻ ബാല സഭയിൽ അവസരം ഒരുക്കുന്നു. അതിലൂടെ മികച്ച കുട്ടികളെ കണ്ടെത്തി കലോത്സവ വേദിയിൽ എത്തിക്കാൻ വേണ്ട പരിശീലനം നൽകുന്നു | | | | |

# ഇംഗ്ലീഷ്

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | വിഭവങ്ങൾ |
|---|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷാ പഠനത്തിൽ സവിശേഷതയോടെ വം ഉള്ള കുട്ടികളെ അതിനു ഉതകുന്ന തരത്തിൽ ഉയർത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട കഥകൾ, കവിത പാട്ടുകൾ വിവരണങ്ങൾ, സംഭാഷണങ്ങൾ തുടങ്ങിയവ കുട്ടികളുമായി പങ്കുവെക്കുന്നു. കുട്ടികൾ ഇഷ്ടപ്പെടുന്ന തരത്തിലുള്ള ഗ്രൂപ്പ് പ്രവർത്തനം പാഠാസൂത്രണത്തിൽ ഉൾപ്പെടുത്തി ഇംഗ്ലീഷ് ലളിതവും സുന്ദരവും ആക്കി തീർക്കാനുള്ള പ്രവർത്തനം നൽകുന്നു | | | | |
| കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഇംഗ്ലീഷ് ഭാഷാശേഷികളും എല്ലാ കുട്ടികളും ആർജിച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കുന്നു. | 1, 2 ക്ലാസുകളിൽ ലഘു വായനത്തിൽ ഇംഗ്ലീഷ് ഭാഷാ പ്രയോഗം നടക്കുന്നു. കുട്ടികളെ ഇംഗ്ലീഷ് വായിപ്പിക്കാനായി അക്ഷരങ്ങൾ എഴുതിയ ചാർട്ട് നൽകുന്നു. അക്ഷരങ്ങൾ ഉപയോഗിച്ച് ഇഷ്ടമുള്ള വാക്കുകൾ കണ്ടെത്തി എഴുതാൻ | | | | |
| 1 മുതൽ 4 വരെ ഉള്ള ക്ലാസുകളിൽ എല്ലാവർക്കും ശരിയായ ഉച്ചാരണത്തോടെയും ഇംഗ്ലീഷ് ഭാഷ സംസാരിക്കാനും കേട്ട് മനസ്സിലാക്കാനുമുള്ള കഴിവ് | ചിത്രങ്ങൾ, വിവരങ്ങൾ സംഭാഷണം, ചിത്രകഥകൾ ചിന്തകൾ തുടങ്ങിയവ പാഠഭാഗവുമായി ബന്ധപ്പെടുത്തി ലളിതവും രസകരവുമായ രീതിയിൽ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു | | | | |

| | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| | ലോകഭാഷയെന്ന നിലയിൽ വായനയിലൂടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കാനും കേട്ട് മനസ്സിലാക്കാനുമുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക | ഇംഗ്ലീഷ് അസംബ്ലി, ന്യൂസ് പേപ്പർ | | | | |

# ഗണിതം

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണച്ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ഗണിതത്തിന്റെ ആവശ്യകത, ഗണിതപഠനത്തിൽ കുട്ടികൾക്ക് അഭിരുചി വളർത്തുക | ഗണിതത്തിന്റെ പ്രാധാന്യവും ഗണിത ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രവും കുട്ടികളുമായി പങ്കുവെയ്ക്കുന്നു | | HM SRG കൺവീനർ അധ്യാപകർ | | |
| 2 | ഗണിതപരമായി ബലപ്പെടുത്തി പിന്നോക്കാവസ്ഥ പരിഹരിക്കൽ | അടിസ്ഥാനാശയങ്ങൾ പട്ടികപ്പെടുത്തുന്നു. ശേഷം ചോദ്യാവലി ഉണ്ടാക്കുന്നു. പ്രീ ടെസ്റ്റ് മൂല്യനിർണ്ണയം റിസൾട്ട് രേഖപ്പെടുത്തൽ SRG യിൽ അവതരണം. സംഖ്യാബോധനം ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ കുട്ടികൾ മറ്റ് ക്ലാസുകളിൽ നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കാൻ ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ വ്യക്തിഗതമായും ഗ്രൂപ്പായും നൽകുന്നു. | | | | |
| 3 | ഗണിതാസ്വാദനം | ഗണിതത്തിൽ താല്പര്യം ഉണ്ടാക്കുന്നതിനായി അതാതു ക്ലാസിലെ പഠനനേട്ടങ്ങളുമായി ബന്ധപ്പെടുത്തുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു. ക്വിസ് മത്സരം, പസിൽസ്, കുസൃതിക്കണക്കുകൾ പരിചയപ്പെടുത്തി ആസൂത്രണം ചെയ്യുന്നു. ITC സാധ്യത പ്രയോജനപ്പെടുത്തുന്നു | | | | |
| 4 | ഗണിത ക്ലബ്ബ് രൂപീകരണം | ഓരോ ക്ലാസിലെയും $\frac{1}{4}$ ഭാഗം കുട്ടികൾ ഗണിത ക്ലബ്ബിൽ അംഗങ്ങളായിരിക്കും. ക്ലബ്ബിലെ പ്രവർത്തനങ്ങളും മറ്റുള്ളവർ കുട്ടികളെയും ഉൾപ്പെടുത്തി [illegible] | | | | |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | വില... |
|---|---|---|---|---|---|---|
| | | തലത്തിലും സ്കൂൾതലത്തിലും പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നു. പഠനോപകരണങ്ങൾ ആവശ്യമായവ കണ്ടെത്തും. | | | | |
| 5 | ഗണിതമാസിക | ഗണിതാശയങ്ങൾ പ്രശ്നങ്ങൾ, പാറ്റേണുകൾ, ചിത്രങ്ങൾ, ഗണിതശാസ്ത്രജ്ഞരുമായി ബന്ധപ്പെട്ട വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി ക്ലാസ് തലത്തിലും പിന്നീട് സ്കൂൾ തലത്തിലും മാഗസിൻ തയ്യാറാക്കുന്നു | 1 വർഷം | കുട്ടികളും അധ്യാപകർ | | |
| | ഉത്തരപ്പെട്ടി | ഗണിത പ്രശ്നങ്ങൾ സ്കൂൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾ ഉത്തരങ്ങൾ പെട്ടിയിൽ നിക്ഷേപിക്കുന്നു. വിജയികളെ പ്രഖ്യാപിക്കുന്നു. | മാസത്തിൽ ഒരിക്കൽ | | | |
| | ഗണിതക്വിസ് | മാസത്തിൽ ഒരിക്കൽ ഗണിത പ്രശ്നവുമായി ബന്ധപ്പെട്ട ക്വിസ് മത്സരം നടത്തുന്നു. ക്ലാസിലും തുടർന്ന് സ്കൂൾ തലത്തിലും നടത്തുന്നു. | 3 മാസത്തിൽ ഒരിക്കൽ | | | |
| | | ഗണിതവുമായി ബന്ധപ്പെട്ട ചെറിയ പ്രോജക്ടുകൾ തയ്യാറാക്കുന്നു. രസകരവും ലളിതവുമായ ഉല്ലാസഗണിത | | | | |
| | ഗണിതലാബ് | ഗണിതവുമായി ബന്ധപ്പെട്ട ചെറിയ പ്രോജക്ടുകൾ തയ്യാറാക്കുന്നു. രസകരവും ലളിതവുമായ ഉല്ലാസഗണിതം, വിജയ ഗണിതം. ഗണിതറഫറൻസ് ബുക്കുകൾ മെട്രിക് ഉപകരണങ്ങൾ അബാക്കസ് എന്നിവ ഓരോന്നും ക്ലാസിന് ആവശ്യമായവ തിട്ടപ്പെടുത്തുന്നു. ഗണിതമേളകൾ സംഘടിപ്പിക്കുന്നു. പസിലുകൾ, ഗണിതലാബുകൾ സന്ദർശനം, ഗണിത പാറ്റേൺ അവതരിപ്പിക്കാനുള്ള അവസരം ഒരുക്കുന്നു | 1 വർഷം | | | |

# പരിസരപഠനം

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 1 മുതൽ 4 വരെ ക്ലാസുകളിലെ പരിസരപഠനപ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠനം മെച്ചപ്പെടുത്തുന്നതിനും എല്ലാ ക്ലാസിലും ശാസ്ത്രമൂല ഉറപ്പിക്കൽ | 1 മുതൽ 4 വരെയുള്ള പഠനത്തിന് സഹായമായ ശാസ്ത്രമൂലയിൽ ഉണ്ടായിരിക്കേണ്ട മെറ്റീരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ. ശേഷം തയ്യാറാക്കിയ ലിസ്റ്റിനെ ശേഖരിക്കേണ്ടവ, വാങ്ങേണ്ടവ, നിർമ്മിക്കേണ്ടവ ക്ലാസിൽ സൂക്ഷിക്കേണ്ടവ എന്ന് തരംതിരിക്കുന്നു. | ജൂൺ [illegible] | ക്ലാസ് ടീച്ചർ | | |
| 2 | ശാസ്ത്രപരീക്ഷണങ്ങൾ | ഒന്നുമുതൽ 4 വരെ ക്ലാസിലെ ചെറുതും വലുതുമായ പരീക്ഷണങ്ങൾ ചെയ്ത് പരിശീലിപ്പിക്കൽ. പരീക്ഷണങ്ങൾ നടത്താനുള്ള അവസരങ്ങൾ സൃഷ്ടിക്കുക. അതിലൂടെ കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുന്നു. | | | | |
| 3 | പരിസരനിരീക്ഷണം | പരീക്ഷണം നിരീക്ഷണങ്ങളിലൂടെ പാഠഭാഗം ആസൂത്രണം ചെയ്യുന്നു. പരിസരത്തെ അടുത്തറിയാനുള്ള അവസരം സൃഷ്ടിക്കുന്നു. ഇതിലൂടെ കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തിയെടുക്കുന്നു.<br>ശാസ്ത്രസാഹിത്യ പുസ്തകങ്ങൾ ക്ലാസ് നിലവാരത്തിന് ഇത് വാങ്ങൽ. രക്ഷിതാക്കൾക്കും വായിക്കാനുള്ള അവസരം സൃഷ്ടിക്കുന്നു. PTA യോഗത്തിൽ പുസ്തകങ്ങളെക്കുറിച്ചും കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ളതുമായ ശാസ്ത്രപുസ്തകങ്ങളുടെ ലിസ്റ്റ് അവതരിപ്പിക്കുകയും | | | | |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| | | രക്ഷിതാക്കൾ തിരഞ്ഞെടുക്കാനുള്ള അവസരങ്ങൾ ഒരുക്കുകയും ചെയ്യുന്നു | | | | |
| 5 | ശാസ്ത്ര ക്വിസ് | ശാസ്ത്രബോധം കുട്ടികളിൽ വളർത്തുന്നതിനു വേണ്ടി പ്രത്യേക പരിശീലനക്ലാസ് അവധി ദിവസങ്ങളിൽ സംഘടിപ്പിക്കുന്നു. | MPTA<br>PTA<br>ക്ലബ്ബുകൾ | | | |

# ENGLISH

## Objectives

- comprehend and enjoy simple stories.
- Add two or three exchanges to conversation
- Describe objects people.
- concepel map on park, toys, sun, sea etc...
- Engages in theatre game.
- Follow instructions to make a kite using paper and other elements.
- Frame sentences using simple adjectives
- using conjuction
- Draw different types of bird and describe it.
- sequence the events of a story
- write simple conversations.
- Identifying natural objects --trees, fire, wind, cloud, rain etc
- write thoughts of characters.
- Describes things in oral and written forms.
- Project on different activites.
- Make toys, puppets using available materials

**Duration** - June to March

## Activites

Story, rhyms, song, conversation, thoughts, description, role play, concept map drawing reading cards, sentence making, sequence the story, project work, Making different toys sequence the story, puppet, kite etc. Identifying colours conversation, theatre games.